**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** **18-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ എസ്.സി. നഗറുകളിലെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ എത്ര എസ്.സി. നഗറുകൾ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്; എസ്.സി. നഗറുകളുടെ പേരുകളും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പുത്തേത്ത്നഗർ (കുന്നത്തുനാട്), പുളിയാമ്പിള്ളിമുഗൾ (പുത്തൻകുരിശ്), സിആർഎൽ പീച്ചിങ്ങാച്ചിറ (പുത്തൻകുരിശ്), മൂലേക്കുഴി (പുത്തൻകുരിശ്), എണ്ണക്കാമോളം (ഐക്കരനാട്) എന്നീ എസ്.സി. നഗറുകൾ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര എസ്.സി. നഗറുകളിൽ നവീകരണം പൂർത്തിയായെന്നും എന്തെല്ലാം പ്രവൃത്തികളാണ് നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ; | (ബി) | പുത്തേത്ത്മുഗൾ, പുളിയാമ്പിള്ളിമുഗൾ ഗ്രാമങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുത്തേത്ത്മുഗൾ ഗ്രാമത്തിൽ 19 ഭവന പുനരുദ്ധാരണം, റോഡുകളുടെ നവീകരണം, വീട്ടുകളുടെ സംരക്ഷണം, RC ബെഞ്ച് നിർമാണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ, കിണർ നവീകരണം എന്നീ പ്രവൃത്തികളും പുളിയാമ്പിള്ളിമുഗൾ ഗ്രാമത്തിൽ 34 വീട്ടുകളുടെ പുനരുദ്ധാരണം, റോഡുകളുടെ നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ എസ്.സി. നഗറുകളിൽ, നവീകരണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തവ ഏതെല്ലാമാണെന്നും ഈ നഗറുകളിലെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (സി) | സിആർഎൽ പീച്ചിങ്ങാച്ചിറ നഗറിന്റെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മൂലേക്കുഴി ഗ്രാമത്തിന്റെ പദ്ധതി നിർവ്വഹണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രം മാറ്റി FIT യെ ചുമതല ഏൽപ്പിച്ച് 23.09.2022 തീയതിയിൽ ഉത്തരവായിരുന്നു. വീണ്ടും നിർവ്വഹണ ഏജൻസിയെ മാറ്റുന്നതിന് ശിപാർശ ലഭ്യമായതിൻമേൽ നടപടി സ്വീകരിച്ചു വരുന്നു. എണ്ണക്കാമോളം എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കളിസ്ഥലത്തിന് ആവശ്യമായ സ്ഥലം പെരിയാർ വാലിയിൽ നിന്നും ലഭ്യമായിട്ടില്ലാത്തിനാൽ മോണിറ്ററിംഗ് കമ്മറ്റി കൂടി നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മുഴുവൻ എസ്.സി. നഗറുകളിലും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | മേൽ നഗറുകളുടെ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | എന്നത്തേയ്ക്ക് നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഇ) | പ്രവൃത്തികൾ ഭരണാനുമതി ലഭിക്കുന്നതിനു മുൻപുള്ള വിവിധ ഘട്ടങ്ങളിൽ ആണ്. ഭരണാനുമതി നൽകി ഒരു വർഷത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ